എന്നുള്ളതാണു്. മലബാറിലും തിരുവിതാംകൂർ–കൊച്ചിയിലും അതുസംബന്ധിച്ചു വലിയ വ്യത്യാസമുണ്ടെന്നു തോന്നുന്നില്ല.

ശ്രീ. എം. സി. ഏബ്രഹാം : ഈ വർഷം ഏതെങ്കിലും ഔട്ടു്പോസ്റ്റുകളും ചാർജ്ജിംഗ് സ്റ്റേഷനുകളായി ഉയർത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ അതേതെല്ലാമാണെന്നു പറയാമോ ?

ശ്രീ. ആർ. ശങ്കർ : ഈ വർഷം ഏതാനും ഔട്ടുപോസ്റ്റുകളും ചാർജ്ജിംഗ് സ്റ്റേഷനുകളായി ഉയർത്താനുദ്ദേശിക്കുന്നുണ്ടു്. എക്സാക്റ്റായിട്ടുള്ള കണക്കു് ഇപ്പോഴെന്റെ കൈവശമില്ല.

ശ്രീ. എം. നാരായണക്കുറുപ്പു് : ഏതെങ്കിലും ഒരു ഔട്ടുപോസ്റ്റു് ഒരു ചാർജ്ജിംഗ് സ്റ്റേഷനായി ഉയർത്തണമെന്നുണ്ടെങ്കിൽ ഒരു ചിത്രശലഭത്തിന്റെ മുന്നു ദശാഘട്ടത്തിലുള്ള സ്വഭാവവ്യത്യാസംപോലെ ഇതിനും അങ്ങനെ വല്ല ഘട്ടങ്ങളും ഉണ്ടോ ; അതോ ആദ്യം തന്നെ ഒരു ചാർജ്ജിംഗ് സ്റ്റേഷനായി തുറക്കുന്നതിനു പ്രയാസമുണ്ടോ ?

ശ്രീ. ആർ. ശങ്കർ : ആദ്യംതന്നെ ചാർജ്ജിംഗ് സ്റ്റേഷനായി തുറക്കുന്നതിനു പ്രയാസമുണ്ടു്.

ഓവർബ്രിഡ്ജുകളുടെ പണി.

* 113. [3] ശ്രീ. ടി. കെ. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതു ഓവർബ്രിഡ്ജുകളുടെ പണി ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നു ;

(ബി) കളമശ്ശേരി, എറണാകുളം നോർത്തു് ഓവർബ്രിഡ്ജുകളുടെ പണി എന്നാണവസാനിക്കുകയെന്നു വ്യക്തമാക്കുമോ ;

(സി) എറണാകുളം നോർത്തു് ഓവർബ്രിഡ്ജിന്റെ പണി പൂർത്തിയായിട്ടും സമീപറോഡുകളുടെ പണി പൂർത്തിയാകാത്തതിനാലാണോ ഗതാഗതത്തിനു തുറന്നുകൊടുക്കാത്തതു് ;

(ഡി) പ്രസ്തുത റോഡുകളുടെ പണി എന്നാരംഭിച്ചു ; എന്നു പൂർത്തിയാകും ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ) :

(എ) അഞ്ചു് ഓവർബ്രിഡ്ജുകളുടെ പണി ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നു.

(ബി, സി) ഈ രണ്ടു ഓവർബ്രിഡ്ജുകളുടേയും പണി പൂർത്തിയായി. എറണാകുളം നോർത്തു് ഓവർബ്രിഡ്ജു് ഗതാഗതത്തിനു തുറന്നുകൊടുത്തു. കളമശ്ശേരി ഓവർബ്രിഡ്ജു് എച്ചു്, എം. ഡി. റോഡിലേക്കു് ഗതാഗതത്തിനു തുറന്നുകൊടുത്തു. എറണാകുളത്തേക്കുള്ള അപ്രോച്ചു് റോഡിന്റെ ജോലി പൂർത്തിയായിവരുന്നു. ഒരു മാസത്തിനകം ഈ ഭാഗം ഗതാഗതത്തിനു തുറന്നുകൊടുക്കുന്നതാണു്.

(ഡി) എറണാകുളം ഓവർബ്രിഡ്ജിന്റെ അപ്രോച്ചു് റോഡുകളുടെ പണി ആരംഭിച്ചതു് 1962 സെപ്റ്റംബറിലാണു്. 63 ഡിസംബറിൽ പൂർത്തിയായി.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : എറണാകുളം നോർത്തു് ഓവർബ്രിഡ്ജിന്റെ പണിയെത്തുടർന്നുള്ള അപ്രോച്ചു് റോഡിന്റെ പണി വളരെ അമാന്തമായിട്ടാണു നടക്കുന്നതു് എന്നു് അറിയുന്നതു ശരിയാണോ ?

ശ്രീ. പി. പി. ഉമ്മർ കോയ : അതു ശരിയല്ല. ഓവർബ്രിഡ്ജിന്റെ പണി പൂർത്തിയായി. എന്നാൽ ബാനർജി റോഡിൽനിന്നു റെയിൽവേസ്റ്റേഷ

LIBRARY ARCHIVES Kerala Legislative Assembly

നിലേക്കുള്ള അപ്രോച്ചുറോഡിന്റെ പണി പൂത്തിയായിട്ടില്ല. റോഡിന്റെ പണി നടന്നുകൊണ്ടിരിക്കുകയാണു്.

ശ്രീ. എം. വി. വാസു : പറളി റെയിൽവേ സ്റ്റേഷന്റെ അടുത്തുള്ള ഓവർബ്രിഡ്ജു് പണിയുന്ന കാര്യം പരിഗണനയിലുണ്ടോ ?

ശ്രീ. പി. പി. ഉമ്മർകോയ : പരിഗണനയിലുണ്ടു്. പണി ആരംഭിച്ചിട്ടില്ല.

ശ്രീ. പി. രവീന്ദ്രൻ : കൊല്ലത്തു് ഒരു ഓവർബ്രിഡ്ജിന്റെ പണി നടന്നുകൊണ്ടിരിക്കുന്നതു പൂത്തിയാക്കുന്നതിനു കാലതാമസം വരുന്നതു് എന്തുകൊണ്ടാണു്?

ശ്രീ. പി. പി. ഉമ്മർകോയ : കാലതാമസമൊന്നുമില്ല. അപ്രോച്ചു് റോഡിന്റെ പണി പൂത്തിയാകുവാനുണ്ടു്. ഒരുമാസത്തിനകം തന്നെ അതു പൂത്തിയായി ഗതാഗതത്തിനു തുറന്നുകൊടുക്കാൻ സാധിക്കുമെന്നു പ്രതീക്ഷിക്കുന്നു.

ശ്രീ. ടി. സി. നാരായണൻ നമ്പ്യർ : കണ്ണൂർ റെയിൽവേ സ്റ്റേഷനു സമീപമുള്ള വളരെ പ്രധാനപ്പെട്ട ഓവർബ്രിഡ്ജു് പണിയുന്നതിനെ സംബന്ധിച്ചുള്ള ഗവണ്മെന്റിന്റെ നില ഇന്നു എന്താണു് ?

ശ്രീ. പി. പി. ഉമ്മർകോയ : അതു മൂന്നാം പദ്ധതിയിൽ ഉൾപ്പെടുത്തീട്ടില്ല.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : തിരൂർ റെയിൽവേ സ്റ്റേഷൻ ഓവർബ്രിഡ്ജു് പണിയുന്നതിനെപ്പറ്റി ഇൻവെസ്റ്റിഗേഷൻ കഴിഞ്ഞിട്ടുണ്ടോ ?

ശ്രീ. പി. പി. ഉമ്മർകോയ : ഇൻവെസ്റ്റിഗേഷൻ കഴിഞ്ഞിട്ടുണ്ടോ എന്നു ഇപ്പോൾ പറയാൻ സാദ്ധ്യമല്ല. ഇപ്പോഴത്തെ പരിപാടിയിൽ അതു ഉൾപ്പെടുത്തീട്ടില്ല.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : കുറുമാലി—ചാലക്കുടി റോഡിൽ ഒരു ഓവർബ്രിഡ്ജു് പണിയുന്നകാര്യം ആലോചിച്ചിട്ടുണ്ടോ?

ശ്രീ. പി. പി. ഉമ്മർകോയ: ഇതു് ഓവർബ്രിഡ്ജുകളെ പറ്റിയുള്ള ചോദ്യമാണു്. ബഹുമാനപ്പെട്ട മെമ്പർ കുറുമാലി ചാലക്കുടി എന്നിവിടങ്ങളിലെ റെയിൽ കംറോഡ്ബ്രിഡ്ജുകളെ പറ്റിയാണു് ചോദിക്കുന്നതു്. അവ പുതുക്കി പണിയുന്നതിനു ഉദ്ദേശമുണ്ടു്. അതിനു കേന്ദ്രഗവണ്മെന്റിന്റെ അംഗീകാരം കിട്ടണം.

ശ്രീ. പി. കെ. അബ്ദുഖാദർ : എറണാകുളം നാത്തു് റെയിൽവേസ്റ്റേഷൻ ഓവർ ബ്രിഡ്ജിനോടുകൂടിയുള്ള അപ്രോച്ചു് റോഡു് ആദ്യം ഡിസൈൻ ചെയ്തതു് ആരാണു്. അതു രണ്ടാമതും പൊളിച്ചുപണിയേണ്ടിവന്നിട്ടുണ്ടു്. ഏതു എൻജിനീയരാണു് അതു് ആദ്യം ഡിസൈൻ ചെയ്തതു്? പിന്നീടു് പൊളിക്കേണ്ടിവന്നിട്ടുള്ളതിൽവച്ചു ഗവണ്മെന്റിനു നേരിട്ടിട്ടുള്ള നഷ്ടത്തിന്റെ ഉത്തരവാദിത്വം ആർക്കാണു് എന്നുള്ളതിനെപ്പറ്റി അന്വേഷിച്ചിട്ടുണ്ടോ?

ശ്രീ. പി. പി. ഉമ്മർകോയ: ഓവർബ്രിഡ്ജു് ആദ്യം ഡിസൈൻ ചെയ്തതനുസരിച്ചുതന്നെ പണി പൂത്തിയായി. അതിന്റെ അപ്രോച്ചു് റോഡു് ആദ്യം നിശ്ചയിച്ചതിൽനിന്നും കുറച്ചു വ്യത്യാസപ്പെടുത്തി രണ്ടാമതു പണിയേണ്ടിവന്നിട്ടുണ്ടു്. പണിബാനർജി റോഡിൽനിന്നുമുള്ള അപ്രോച്ചു് റോഡിനു കുറെ അധികം വളവുണ്ടായിരുന്നതുകൊണ്ടു അതു തീക്കുന്നതിനുവേണ്ടി തീരുമാനിക്കുകയും അതനുസരിച്ചു വളവു തീർത്തു അപ്രോച്ചുറോഡു് പൂത്തിയാക്കുകയുംചെയ്തു. പക്ഷേ അതിന്റെ ഫലമായി ബാനർജി റോഡിൽനിന്നു റെയിൽവെ സ്റ്റേഷനിലേക്കുള്ള റോഡു് വീതികുറഞ്ഞു് ഗതാഗതയോഗ്യമല്ലാതായിട്ടുണ്ടു്. അതു വീതികൂട്ടുന്ന പണി നടന്നുകൊണ്ടിരിക്കയാണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. ഒ. ബാവാ : എറണാകുളം നോർത്തിലെ ഓവർബ്രിഡ്ജിന്റെ ഇപ്പോഴത്തെ അപ്രോച്ച് റോഡു ഇപ്പോഴേ നിർമ്മിച്ചിട്ടുള്ളതിൽ വളരെ കുത്തനെയുള്ള ഇറക്കം ഉള്ളതുകൊണ്ടു നിരവധി അപകടങ്ങൾ ഉണ്ടാകുന്നുണ്ടു്. ഈ അപകടം ഒഴിവാക്കാനും അതിന്റെ അറ്റകുറ്റപ്പണികളും തീർക്കാനും ദയവു ണ്ടാകുമോ?

ശ്രീ. പി. പി. ഉമ്മർകോയ : അങ്ങനെ ഒരു പ്രശ്നം അവിടെ ഉള്ളതായി അറിവില്ല. ഈ റോഡിനു് സ്ലോപ്പു് വേണ്ടത്രയില്ല എന്നുള്ളതായിരിക്കും മെമ്പർ പറയുന്നതെന്നു ഞാൻ മനസ്സിലാക്കുന്നു. അതേപ്പറ്റി ആലോചിച്ചിട്ടുണ്ടു്. പക്ഷേ ആ സ്ഥലത്തു് കൂടുതൽ സ്ലോപ്പോടുകൂടി ഗ്രാഡിയന്റു് ശരിപ്പെടുത്തി അപ്രോച്ചു് റോഡു് പണിയുന്നതു പ്രയാസമാണെന്നുകണ്ടു. അതിനു് കൂടുതൽ അക്വിസിഷൻ വേണ്ടിവരും കൂടുതൽ പണച്ചെലവുമുണ്ടാകും.

അതു കൊണ്ടാണു് ഇത്രയും സ്ലോപ്പോടുകൂടി റോഡു് പണിയാൻ തീരുമാനിച്ചതു് ക്യാലിക്കട്ടിൽ പണതിട്ടുള്ള ഓവർബ്രിഡ്ജിന്റെ അപ്രോച്ചു് റോഡിനും ഈ ബുദ്ധിമുട്ടുണ്ടു് കൈവണ്ടിക്കാർക്കും മറ്റും അത്തരം റോഡിൽകൂടി പോകാൻ കുറച്ചു പ്രയാസമുണ്ടാവും. കുറെകൂടി സ്ലോപ്പാക്കി ഉണ്ടാക്കുന്നതിനു വളരെ ചിലവിച്ചു പണച്ചെലവുവരുമെന്നതുകൊണ്ടാണു് ഈ മാതിരിയുള്ള ഒരു സ്ലോപ്പു മാത്രം കൊടുക്കാൻ ഇടയായതു്.

ജീവിതാവശ്യസാധനങ്ങളുടെ വിലക്കയറ്റം

* 114. [5] ശ്രീ. ആർ. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ക്ഷേമ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സംസ്ഥാനത്തു് 1962 ജനുവരിമുതൽ 1963 ഡിസംബർ അവസാനം വരെയുള്ള കാലയളവിൽ ജീവിതാവശ്യ സാധനങ്ങളുടെ വില നിരക്കു് എത്ര ശതമാനം കൂറിയിട്ടുണ്ടു്;

(ബി) അരി, തുണി, ഉള്ളി, മുളകു്, പഞ്ചസാര, വെളിച്ചെണ്ണ, പാൽ, നെയ്യു്, മീൻ, മുട്ട, പയർ, ഉഴുന്നു്, കടല, ഗോതമ്പു് തുടങ്ങിയവയുടെ വില വർദ്ധനവു് എത്ര ശതമാനം കൂറിയെന്നു പറയുമോ?

പൊതുജനാരോഗ്യവകുപ്പു മന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻനായർ) :

(എ) 1962 ജനുവരിമുതൽ 1963 ഡിസംബർവരെയുള്ള കാലയളവിനുള്ളിൽ ജീവിതാവശ്യസാധനങ്ങളുടെ വില 17 പായിന്റു് ഉയർന്നിട്ടുണ്ടു്.

(ബി) എല്ലാ ഡിസ്ട്രിക്റ്റുകളിലേയും വിവരങ്ങൾ ശേഖരിച്ചിട്ടില്ല. എറണാകുളം ഡിസ്ട്രിക്റ്റിലെ വിലവർദ്ധനവു വിവരം താഴെ പറയും പ്രകാരം ആണു്.

അരി : 25 ശതമാനം, ഉള്ളി : 26.4 ശതമാനം
മുളകു് : 14.9 ശതമാനം, വെളിച്ചെണ്ണ : 37.2ശതമാനം,
പാൽ : 44 ശതമാനം, പയർ : 14.8 ശതമാനം,
ഉഴുന്നു് : 20 ശതമാനം,

തുണി, മീൻ കടല, നെയ്യു്, പഞ്ചസാര എന്നിവയുടെ വിലവർദ്ധനവു് ശരിയായഅറിയാൻകഴിഞ്ഞിട്ടില്ല.

ശ്രീ. കെ. ഹസ്സൻഗനി : വിലവർദ്ധനവിന്റെ അടിസ്ഥാനത്തിൽ സാധുക്കളായ ചെറിയ ഉദ്യോഗസ്ഥന്മാർക്കു് എന്തെങ്കിലും ആശ്വാസം നൽകുന്നതിനു് ഗവണ്മെന്റു് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എം. പി. ഗോവിന്ദൻനായർ : ഇപ്പോഴ് ഈകാര്യം ഗവണ്മെന്റിന്റെ പ്രത്യേക ആലോചനയിൽ ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly